ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി3/102853/18/ഹ.സെ.വി

തീയതി : 28/02/2018

സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - എച്ച്.എസ്.എസ്.റ്റി / എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ്, ജ്യോഗ്രഫി തസ്തികയിലെ KSR, Part III Pension scheme തിരഞ്ഞെടുത്ത അദ്ധ്യാപകരുടെ option form ന്യൂനത പരിഹരിച്ച് പുന:സമർപ്പിക്കുന്നത് - സംബന്ധിച്ച്

സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി / എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിൽ കൊമേഴ്സ്, ജ്യോഗ്രഫി വിഷയങ്ങളിലെ അദ്ധ്യാപകരിൽ KSR, Part III Pension scheme തിരഞ്ഞെടുത്ത അദ്ധ്യാപകർ സമർപ്പിച്ച അപേക്ഷകളിൽ ന്യൂനതയുളളതായി കാണുന്നു. ആയതിനാൽ പ്രസ്തുത ഓപ്ഷൻ തിരഞ്ഞെടുത്ത അദ്ധ്യാപകർ (ഓപ്ഷൻ ഫോം കൗണ്ടർ സൈൻ ചെയ്ത് ലഭിക്കാത്തവർ) തുടർനടപടികൾക്കായി താഴെപറയും വിധം അപേക്ഷ പുന:സമർപ്പിക്കേണ്ടതാണ്.

1) മുൻസർവ്വീസുകളിൽ ജോലിയിൽ പ്രവേശിച്ച തീയതി കാണിക്കുന്ന സർവ്വീസ് ബുക്കിന്റെ പ്രസക്ത പേജുകൾ പ്രിൻസിപ്പൽ അറ്റസ്റ്റ് ചെയ്തത്.
2) മുൻ സർവ്വീസുകളിലെ ജോലിയുടെ പി.എസ്.സി അഡ്വൈസ് ലെറ്ററുകളും നിയമന ഉത്തരവുകളും വിടുതൽ ഉത്തരവുകളും പ്രിൻസിപ്പൽ അറ്റസ്റ്റ് ചെയ്തത്.
3) ബന്ധപ്പെട്ട പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ KSR, Part III Pension scheme - ന്റെ option form (2 എണ്ണം)

വിശ്വസ്തതയോടെ,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ